NHM/30/2023/DPMSU-MLPM-dated 17/01/2023

**ആരോഗ്യകേരളം മലപ്പുറം, ആശ പ്രവർത്തകർക്കുള്ള ഐ ഡി കാർഡ് പ്രിന്റ് ചെയ്യുന്നതിനുള്ള ടെൻഡർ / കോൺട്രാക്ട്**

ആരോഗ്യകേരളം മലപ്പുറം വഴി നടപ്പിലാക്കുന്ന ആശ പ്രവർത്തകർക്കുള്ള ഐ ഡി കാർഡ്, പ്രിന്റ് ചെയ്ത ടാഗ്, പ്ലാസ്റ്റിക് ഹോൾഡർ എന്നിവ ഉൾപ്പെടെ ചെയ്തു നൽകുന്നതിനുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ഐ ഡി കാർഡ് ആവശ്യമായ എണ്ണം 3100 അല്ലെങ്കിൽ അതിൽ കൂടുതലോ ആയിരിക്കും.

ടെണ്ടർ ഫോറം വിതരണം ചെയ്യുന്ന തിയതി 18/01/2023
ടെണ്ടർ സ്വീകരിക്കുന്ന അവസാന തിയതി, സമയം: 31/01/2023, 3 pm
ടെണ്ടർ തുറക്കുന്ന തിയതി, സമയം: 31/01/2023, 4 Pm

**നിബന്ധനകൾ**

1. ടെണ്ടർ ഫോറത്തിനുള്ള ടാക്സ് ഉൾപ്പടെ വില 600/ രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.(ഈ തുക തിരികെ നൽകുന്നതല്ല).
2. ടെണ്ടർ ഫോം ഉള്ളടക്കം ചെയ്തിട്ടുള്ള കവറിനു മുകളിൽ "ആശ ഐ ഡി കാർഡ് ടെൻഡർ" എന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടാതെ ടെണ്ടർ സമർപ്പിക്കുന്ന ആളിന്റെ പേരും മേൽവിലാസവും കവറിന്റെ ഇടതുവശത്ത് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.
3. ടെണ്ടറിനോടപ്പം EMD തുക 3000/-(മൂവായിരം രൂപ മാത്രം) 'District Programme Manager, District Health & Family Welfare Socitey' എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് (മലപ്പുറത്ത് മാറത്തക്കവിധം) ഉള്ളടക്കം ചെയ്യേണ്ടതാണ്. ടെണ്ടർ ലഭിക്കാത്തയാൾക്ക് ഈ ഡി.ഡി തിരികെ നൽകുന്നതാണ്.
4. ഐ ഡി കാർഡിനുള്ള മാറ്റർ എക്സൽ ഫോർമാറ്റിൽ നൽകുന്നതാണ്. മലയാളത്തിൽ അല്ലെങ്കിൽ ഇംഗ്ലീഷിൽ ആയിരിക്കും ഐ ഡി കാർഡിലെ മാറ്റർ. പ്രിന്റ് ചെയ്യുന്നതിന് മുന്നോടിയായുള്ള പ്രൂഫുമായി ആരോഗ്യകേരളം ജില്ലാ ഓഫീസിൽ നേരിട്ടെത്തി തെറ്റുതിരുത്തൽ നടപടികൾ ചെയ്യേണ്ടതാണ്. 5 ദിവസം ഇതിനായി സമയം അനുവദിക്കുന്നതാണ്.
5. സ്വീകാര്യമായ ടെണ്ടർ പ്രകാരം, വർക്ക് ഓർഡർ നൽകി 30 ദിവസത്തിനകം പ്രിന്റ് ചെയ്ത ടാഗ്, ഐ ഡി കാർഡുകൾ, പ്ലാസ്റ്റിക് ഹോൾഡർ എന്നിവ മലപ്പുറം ആരോഗ്യകേരളം ഓഫീസിൽ എത്തിക്കേണ്ടതാണ്. കുറഞ്ഞ ചിലവിൽ ചെയ്തു നൽകുന്നതിനുള്ള ഉത്തരവാദിത്തം ടെണ്ടർ ലഭിക്കുന്ന സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും.
6. സ്വീകാര്യമായ ടെണ്ടർ സമർപ്പിച്ചയാളെ രേഖാമൂലം വിവരം അറിയിക്കുന്നതാണ്. അപ്രകാരം അറിയിപ്പു ലഭിച്ചുകഴിഞ്ഞാൽ 2 ദിവസത്തിനുള്ളിൽ 200 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ ആരോഗ്യകേരളം, മലപ്പുറം ജില്ലാ പ്രോഗ്രാം ഓഫീസറുമായി കരാർ ഒപ്പിടേണ്ടതാണ്. കരാർ നിലവിൽ വന്നതിന് ശേഷം ടെണ്ടർ പ്രകാരം ഗുണമേന്മയുള്ള പ്രിൻറ്റിങ്ങ് മറ്റ് അനുബന്ധപ്രവർത്തികളും നിശ്ചിത സമയത്തിനകം ചെയ്തു നൽകേണ്ടതാണ്.
7. ടാഗ്, ഐ ഡി കാർഡ് എന്നിവയുടെ മോഡൽ ഉള്ളടക്കം ചെയ്തിരിക്കുന്നു.
8. യാതൊരു കാരണവും കാണിക്കാതെ ടെണ്ടറുകൾ നിരസിക്കുന്നതിനുള്ള അധികാരം ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം ഓഫീസറിൽ നിക്ഷിപ്തമാണ്.

മലപ്പുറം
17/01/2023

ARogyakeralam NATIONAL HEALTH MISSION

ജില്ലാ പ്രോഗ്രാം മാനേജർ
ആരോഗ്യകേരളം, മലപ്പുറം

NHM/30/2023/DPMSU-MLPM-dated 17/01/2023

പത്രക്കുറിപ്പ്:

## ടെണ്ടർ നോട്ടീസ്

ആരോഗ്യകേരളം മലപ്പുറം വഴി നടപ്പിലാക്കുന്ന ആശ പ്രവർത്തകർക്കുള്ള ഐ ഡി കാർഡ്, പ്രിന്റ് ചെയ്ത ടാഗ്, പ്ലാസ്റ്റിക് ഹോൾഡർ എന്നിവ ചെയ്യുന്നതിന്ന് അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത ടെണ്ടറുകൾ ക്ഷണിക്കുന്നു. മലപ്പുറം ആരോഗ്യകേരളം ഓഫീസിൽ നിന്നും ടെണ്ടർ ഫോമുകൾ 600/- രൂപ അടച്ച് 18/01/2023 മുതൽ വാങ്ങാവുന്നതാണ്. 31/01/2023 ന് വൈകിട്ട് 3 മണി വരെ ടെണ്ടർ ഫോമുകൾ സ്വീകരിക്കുന്നതും, 31/01/2023 വൈകിട്ട് 4 ന് ടെണ്ടർ തുറക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക്: 0483 - 2730313

AROGYAKERALAM * NATIONAL HEALTH MISSION * CIVIL STATION, MALAPPURAM-676 505

ജില്ലാ പ്രോഗ്രാം മാനേജർ
ആരോഗ്യകേരളം, മലപ്പുറം

മലപ്പുറം
17/01/2023

പകർപ്പ്:
1. നോട്ടീസ് ബോർഡ് ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം.
2. നോട്ടീസ് ബോർഡ് ആരോഗ്യകേരളം ജില്ലാ ഓഫീസ്, മലപ്പുറം.
3. പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് മലപ്പുറം
4. ജില്ലാ പഞ്ചായത്ത് ഓഫീസ് മലപ്പുറം